## പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1950. | 17.12.2012 ന് മറുപടിയ്ക്ക്.

### <u>വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ധനസഹായം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിവരുന്നത് ; വിശദമാക്കുമോ ; | (എ) 1980-ലെ "കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് "എന്ന ചട്ട പ്രകാരം വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് വനം വകുപ്പ് 5000 രൂപ (അയ്യായിരം രൂപ) വരെ ധനസഹായമായി അനുവദിച്ച് വരുന്നുണ്ട്. ആക്രമണം മൂലം സ്ഥായിയായ അംഗവൈകല്യം വന്നവർക്ക് 25000 രൂപ (ഇരുപത്തി അയ്യായിരം രൂപ) നഷ്ടപരിഹാരവും നൽകുന്നുണ്ട്. |
| (ബി) ധനസഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | (ബി) തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) എങ്കിൽ എന്നു മുതലാണ് വർദ്ധിച്ച ധനസഹായത്തിന് പ്രാബല്യം നൽകുന്നത് ; വ്യക്തമാക്കുമോ ? | (സി) സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതലായിരിക്കും വർദ്ധിച്ച ധനസഹായത്തിന് പ്രാബല്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ.